A

# സമഗ്രശിക്ഷാ കേരളം

GI-602

# അർധവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

ക്ലാസ് : 6 | കേരളപാഠാവലി | സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി. ഇത് കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

---

**പ്രവർത്തനം : 1 - വായിക്കാം, എഴുതാം**

**പഠനനേട്ടം : ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.**

**സൂചകങ്ങൾ :**

1. പൊന്നിൻമാല ഇട്ട കുട്ടിയുടെ (1)
2. കുന്നിൻ ചെരിവിലൂടെ (1)
3. കുട്ടിയുടെ ധീരതകണ്ട് (1)
4. മനസ്സിന് (1)
5. കൂട്ടുകാരിയോടുള്ള സ്നേഹം കൊണ്ട് (1)

**പ്രവർത്തനം : 2 - കഥാപാത്രനിരൂപണം**

**പഠനനേട്ടം : കഥാപാത്രങ്ങളുടെ സ്വഭാവം, കഥയിലെ സ്ഥാനം, മാനസികാവസ്ഥ, മറ്റുള്ളവരുടെ ഇടപെടലുകൾ എന്നിവ മനസ്സിലാക്കി കഥാപാത്രനിരൂപണം തയ്യാറാക്കുന്നു.**

**സൂചകങ്ങൾ :**

1. കഥാപാത്രത്തെ വിശകലനം ചെയ്ത് രൂപഭാവസവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (1)
2. കഥാപാത്രത്തിന്റെ കഥയിലെ സ്ഥാനം, ജീവിത വീക്ഷണം എന്നിവ തെളിവുകൾ ഉപയോഗിച്ച് വിശകലനം ചെയ്തിട്ടുണ്ട്. (1)
3. കഥാപാത്രത്തിന്റെ സാമൂഹിക പ്രസക്തി യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. (1)
4. സ്വന്തം അഭിപ്രായങ്ങൾ ആകർഷകമായ ഭാഷയിൽ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി) അവതരിപ്പിച്ചിട്ടുണ്ട്. (1)

(ബി) മൂഷികൻ (1)

**പ്രവർത്തനം 3 : താരതമ്യക്കുറിപ്പ്**

**പഠനനേട്ടം : സമാനമായതും വ്യത്യസ്തങ്ങളായതുമായ സാഹിത്യകൃതികളിലെ ആശയങ്ങൾ കണ്ടെത്തുകയും താരതമ്യം ചെയ്ത് നിഗമനങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു**

1. താരതമ്യത്തിന് വിധേയമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
2. താരതമ്യം ചെയ്ത് സ്വന്തം കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുണ്ട്. (1)
3. ആശയങ്ങൾ പൂർവ്വാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. (1)
4. വായനക്കാരെ ആകർഷിക്കുന്ന തരത്തിലുള്ള ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി) അവതരിപ്പിച്ചിട്ടുണ്ട്. (1)

(ബി) പ്ലാവിലത്തൊപ്പികൾ (1)

**പ്രവർത്തനം : 4 - വിശകലനക്കുറിപ്പ്**

**പഠനനേട്ടം : ആശയത്തെ/സന്ദർഭത്തെ വിശകലനം ചെയ്ത് സ്വന്തം നിലപാടുകൾ ഉദാഹരണങ്ങൾ സഹിതം വിശദമാക്കുന്നു.**

**സൂചകങ്ങൾ :**

1. ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട് (1)
2. ആശയങ്ങൾ പൂർവാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട് (1)
3. ആശയത്തെ യുക്തിപൂർവം വിശകലനം ചെയ്തിട്ടുണ്ട്. (1)
4. രചനയിൽ പുതുമയും വൈവിധ്യവുമുണ്ട്. (1)
5. സ്വന്തമായ ഭാഷാശൈലി, സവിശേഷതകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. (1)

**പ്രവർത്തനം : 5 - ഉപന്യാസം**

**പഠനനേട്ടം : വിഷയത്തിന്റെ/ആശയത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊണ്ട് സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും ഉദാഹരണസഹിതം അവതരിപ്പിക്കുന്നു**

1. വിഷയവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
2. ആശയങ്ങൾ പൂർവാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട് (1)
3. ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (തുടക്കം, പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം) (1)
4. ആശയങ്ങൾ വായനക്കാരിലെത്തിക്കാൻ അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. (1)
5. സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തിപൂർവം സമർഥിച്ചിട്ടുണ്ട് (1)

**പ്രവർത്തനം : 6 - ആസ്വാദനക്കുറിപ്പ്**

**പഠനനേട്ടം : വായിച്ച കവിതകളിലെ പ്രധാനാശയങ്ങൾ അവതരണഭംഗി, സാമൂഹിക പ്രസക്തി എന്നിവ കണ്ടെത്തി സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ചേർത്ത് ആസ്വാദനം തയ്യാറാക്കുന്നു.**

1. വായിച്ച ഭാഗത്തുള്ള ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)
2. കൃതി, കർത്താവ്, വിഭാഗം തുടങ്ങി പ്രസക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് (1)
3. വായിച്ച ഭാഗത്തെക്കുറിച്ച് താൽപര്യവും ആകാംക്ഷയും ഉണ്ടാകുന്ന വിധത്തിൽ അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) ഉപയോഗിച്ചിട്ടുണ്ട്. (1)
4. സ്വന്തം നിരീക്ഷണങ്ങൾ, ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
5. വായിച്ച ഭാഗത്തിന്റെ സൗന്ദര്യതലം, ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)